(ബി) മണിക്കൂറിൽ ഏകദേശം 400 തൊണ്ടുവരെ സംസ്ക്കരിക്കുവാൻ കഴിയുന്ന ചെറിയ തരത്തിലുള്ള ഡീ-ഫൈബറിംഗ് മെഷീനുകൾ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ സഹകരണസംഘങ്ങൾ, സ്വയം സഹായ ഗ്രൂപ്പുകൾ, സ്വകാര്യ സംരംഭകർ എന്നിവയ്ക്ക് നൽകിവരുന്നു.

• ഗുണനിലവാരം കൂടുതലുള്ള കയർ പിരിക്കാൻ ഉതകും വിധത്തിലുള്ള സ്പിന്നിംഗ് മെഷീൻ ഡിസൈൻ ചെയ്തെടുക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കയർ, കയർപിത്ത് ഇവ ഉപയോഗിച്ചുള്ള ബാഗ്, ചെരുപ്പ് എന്നിവ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്.

• കയർ ജിയോ ടെക്സ്റ്റയിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നു.

(സി) സഹകരണ സ്ഥാപനമായ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പിവിസി ടഫ്റ്റഡ് ഫാക്ടറി, കയർ പിത്ത് ബ്രിക്കറ്റ് യൂണിറ്റ് ഇവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

• കയർ ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ചെറുകിട ഉൽപാദകരെ സഹകരണ മേഖലയിൽ സംഘടിപ്പിച്ച് കൂടുതൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവരുന്നു.

• കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനും, നിലവിലുള്ളവ പുനരുദ്ധരിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ താഴെ പറയുന്ന മറ്റു സംരംഭങ്ങളും കയർ മേഖലയുടെ പൊതുവായ വികസനം ലക്ഷ്യമാക്കി തുടങ്ങാൻ ഉദ്ദേശിക്കുന്നവയാണ്.

• കേരളത്തിലെ കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനായി ആലപ്പുഴയിൽ കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

• വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കണിച്ചുകുളങ്ങരയിൽ ഹോമില്ലിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയും, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തൊണ്ട് സംഭരണം

44 (4099) ശ്രീ. പി. വിശ്വൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊണ്ട് സംഭരണത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ മുഖാന്തിരം ഈ വർഷം സംസ്ഥാനത്ത് നിന്ന് എത്ര ടൺ തൊണ്ട് സംഭരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട് ;

(സി) തൊണ്ട് സംഭരണത്തിനായി എത്ര കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട് ;

(ഡി) കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ തൊണ്ട് നൽകുന്നതിന് കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിദിനം 5000 തൊണ്ടെങ്കിലും ശേഖരിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചു. തൊണ്ടിന്റെ കേന്ദ്രീകരണ സംഭരണവും കടത്തും ലക്ഷ്യമാക്കിക്കൊണ്ട് ഡീ-ഫൈബറിംഗ് സംഘങ്ങളും ചകിരി ഉൽപ്പാദക യൂണിറ്റുകളും കയർപിരി സംഘങ്ങളുടേയും പ്രതിനിധികൾ ഉൾപ്പെട്ടതായിരിക്കും കൺസോർഷ്യത്തിന്റെ ഘടന. ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കയർ പ്രോജക്ട് ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ വർക്കിംഗ് ചെയർമാനും ബന്ധപ്പെട്ട കയർ ഇൻസ്പെക്ടർ കൺസോർഷ്യത്തിലെ മെമ്പർ സെക്രട്ടറി ആയിരിക്കും. കൺസോർഷ്യത്തിന്റെ പരിധിയിൽ ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവയിലൂടെ തൊണ്ട് ശേഖരിക്കുന്നതാണ് പദ്ധതി. കൺസോർഷ്യത്തിന് 5 ലക്ഷം രൂപ പ്രവർത്തന മൂലധന ഗ്രാന്റ് നൽകുന്നു. കൺസോർഷ്യത്തിലെ സൂപ്പർവൈസർ, ശിപായി എന്നിവരുടെ ശമ്പളം വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ തിരികെ നൽകുന്നു. തൊണ്ട് ശേഖരിക്കുന്ന തൊഴിലാളികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രതിദിനം 100 രൂപയിൽ കുറയാത്ത ദിവസവേതനം നൽകുകയും ശേഖരിക്കുന്ന തൊണ്ടിന് പച്ചത്തൊണ്ടിന് 10 പൈസയും ഉണക്ക തൊണ്ടിന് 7.50 പൈസയും ഇൻസെന്റീവ് നൽകുന്നു. കൂടാതെ 50% കടത്തുകൂലിയും നൽകുന്നു. കൺസോർഷ്യങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും തൊണ്ടിന്റെ വില നിശ്ചയിക്കാനും കൺസോർഷ്യത്തിന് ആനുകൂല്യം നൽകുന്നതിനും പ്രോജക്ട്തലത്തിൽ പ്രോജക്ട് ലെവൽ ഹസ്ക് മോണിറ്ററിംഗ് കമ്മിറ്റി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും പ്രോജക്ട് ഓഫീസർ (കയർ) കൺവീനറായും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഏകദേശം 300 കോടിയെങ്കിലും ശേഖരിക്കുക എന്നതാണ് ലക്ഷ്യം.

(സി) 32 കൺസോർഷ്യങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സഹകരണ സംഘങ്ങൾക്ക് ആവശ്യമായ തൊണ്ട് അവർ തന്നെയാണ് സംഭരിക്കുന്നത്. കൺസോർഷ്യം രൂപീകരിച്ച് ഇവർക്ക് കൂടുതൽ തൊണ്ട് ലഭ്യമാക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു വരികയാണ്. അതോടൊപ്പം 1000 മിനി ഡീ-ഫൈബറിംഗ് യന്ത്രങ്ങളും ലഭ്യമാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly